LIBRARY ARCHIVES Kerala Legislative Assembly

വെള്ളൂർ ഗവ. മാപ്പിള എൽ.പി. സ്കൂളിന് ഭൂമി

262 (2982) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ ഗവൺമെന്റ് മാപ്പിള എൽ.പി. സ്കൂൾ വഖഫ് ഉടമസ്ഥതയിലുള്ള ഭൂമിയിലാണോ പ്രവർത്തിക്കുന്നത്?

അതെ.

(ബി) എങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ ഭൂമി സ്കൂളിന് വിട്ടുകൊടുക്കാൻ നടപടികൾ സ്വീകരിക്കുമോ?

1995-ലെ വഖഫ് നിയമത്തിൽ 2013-ലുണ്ടായ നിയമ ഭേദഗതി അനുസരിച്ച് 51(1-എ) വകുപ്പും 104-എ വകുപ്പും പ്രകാരം വഖഫ് വസ്തുക്കളുടെ വിൽപ്പന, ദാനം, ഒത്തുമാറ്റം, പണയപ്പെടുത്തൽ അല്ലെങ്കിൽ കൈമാറ്റം എന്നിവ നിരോധിച്ചിട്ടുള്ളതാണ്.

ശബരി റെയിൽപാതയ്ക്കായി സ്ഥലമേറ്റെടുപ്പ്

263 (2983) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ശബരി റെയിൽപ്പാത പദ്ധതി നടപ്പിലാക്കുന്നത് സജീവ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

അങ്കമാലി-ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ്. റെയിൽവേ ബോർഡ് നിർദ്ദേശിച്ചപ്രകാരം അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് 7-1-2021-ലെ സ.ഉ.(കൈ) നമ്പർ 1/2021/ഗതാഗതം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തീരുമാനം മെമ്പർ എഞ്ചിനീയറിംഗ് റെയിൽവേ ബോർഡിന്റെ അറിവിലേയ്ക്കും തുടർനടപടികൾക്കായും നൽകുകയും കൂടാതെ സംസ്ഥാന റെയിൽ വകുപ്പുമന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ ഈ വിവരം അറിയിക്കുകയും ചെയ്തു. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തിനെ അറിയിക്കുകയുണ്ടായി.

(ബി) ഈ പദ്ധതിക്കായി സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ?

നിലവിൽ പ്രസ്തുത പദ്ധതി റെയിൽ മന്ത്രാലയം തൽക്കാലത്തേയ്ക്ക് ഘനീഭവിപ്പിച്ചിരിക്കുകയാണ്. എന്നാൽ അങ്കമാലി- ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ